# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ</u>
<u>പ്രോത്സാഹിപ്പിക്കാൻ നടപടി</u>

8118 ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് ;

(ബി) വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുവാനും സംരംഭകരെ ആകർഷിക്കുവാനുമായി കഴിഞ്ഞ ഒരു വർഷക്കാലം എന്തെല്ലാം പരിശ്രമങ്ങളാണ് നടത്തിയത് എന്ന് വിശദമാക്കുമോ ;

(സി) ഇതിന്റെ ഫലമായി ചെറുകിട ഇടത്തരം വ്യവസായ രംഗം പുരോഗതി പ്രാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

നിക്ഷേപ ധനസഹായ പദ്ധതിയുടെ 2011-12 ലെ പ്രവര്‍ത്തനം

8119

ശ്രീ. സി. മമ്മൂട്ടി
,, അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അഭ്യസ്തവിദ്യരായ ചെറുപ്പക്കാര്‍ക്ക് ചെറുകിട സംരംഭങ്ങള്‍ ആരംഭിക്കുന്നതിനും, നിക്ഷേപ സബ്സിഡി നല്‍കുന്നതിനുമുള്ള സംസ്ഥാന നിക്ഷേപ ധനസഹായ പദ്ധതിയുടെ 2011-12 വര്‍ഷത്തെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കാമോ;

(ബി) നിക്ഷേപ സബ്സിഡി ഇനത്തില്‍ പ്രസ്തുത വര്‍ഷം എത്ര സംരംഭകര്‍ക്ക് സഹായധനം അനുവദിക്കാനായി എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ സംരംഭകര്‍ ഈ പദ്ധതി എത്രത്തോളം പ്രയോജനപ്പെടുത്തി ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>പ്രകൃതി വാതക സെൽ</u>

8120 ശ്രീ. വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതിവാതക സെൽ രൂപവത്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രകൃതിവാതക സാദ്ധ്യത പരമാവധി ഉപയോഗപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

ചേർത്തല വാഗൺ ഫാക്ടറിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

8121 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
,, സി. കെ. സദാശിവൻ
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല വാഗൺ ഫാക്ടറി സ്വകാര്യപങ്കാളിത്തത്തിൽ നടപ്പാക്കാനുള്ള നിർദ്ദേശത്തിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ; ആയത് റെയിൽവേയെ അറിയിച്ചിട്ടുണ്ടോ;

(ബി) വാഗൺ ഫാക്ടറി സ്വകാര്യ മേഖലയിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി ചേർത്തല തിരുവിഴ വില്ലേജിൽ 100 ഏക്കറോളം കൃഷി ഭൂമി ഏറ്റെടുക്കാനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) വാഗൺ ഫാക്ടറിക്കായി ഇത്രയധികം ഭൂമി വേണമെന്ന് റെയിൽവേ സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നുവോ;

(ഡി) സിലിക്ക അടങ്ങിയ മണൽ ലഭ്യമായ ഈ പ്രദേശത്ത് സിലിക്ക മണൽ ഖനനം നടത്തുന്നതിന് വേണ്ടിയാണ് സ്വകാര്യ സംരംഭകർ ഇത്രയേറെ ഭൂമി ഈ പദ്ധതിയിലൂടെ കൈക്കലാക്കാൻ ശ്രമിക്കുന്നതെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്ഥലമെടുപ്പ് സംബന്ധിച്ച് റെയിൽവേയുടെ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

വ്യവസായ മേഖലയിലെ വൈദ്യുതിക്ഷാമം

8122 ശ്രീ. ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് വൈദ്യുതി ക്ഷാമം തടസ്സം സൃഷ്ടിക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനു ദ്ദേശിക്കുന്നത് ;

(സി) വൈദ്യുതി ഉൽപ്പാദനവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികൾക്കും വ്യവസായ വകുപ്പ് പിന്തുണയും സഹായവും നൽകുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്ന തെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>ചെറുകിട വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം</u>

8123

ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് ചെറുകിട - നാമമാത്ര വ്യവസായങ്ങളും സ്വയം സംരംഭക പദ്ധതികളും വ്യാപകമായി നടപ്പാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള ഇത്തരം വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തൊക്കെ പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## അതിവേഗ റെയിൽ കോറിഡോർ പദ്ധതിയുടെ പ്രവർത്തനങ്ങൾ

8124

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അതിവേഗ റെയിൽ കോറിഡോർ പദ്ധതിയുടെ എന്ത് പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>അതിവേഗ റെയിൽവേ ഇടനാഴി</u>

8125 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ, പ്രത്യേകിച്ച് ചാലക്കുടി മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ അതിവേഗ റെയിൽവേ ഇടനാഴി (എച്ച്.എസ്.ആർ.സി) യ്ക്കായി സർവ്വേ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയെ ക്കുറിച്ച് വിശദമാക്കുമോ ;

(ബി) വീട് ഉൾപ്പെടെ ഭൂമി നഷ്ടപ്പെടുന്ന ഭൂവുടമകൾക്ക് പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുന്നതിനും, അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ ജനങ്ങൾക്കുള്ള ആശങ്കകളകറ്റാൻ ബന്ധപ്പെട്ടവരുടെ അടിയന്തിര യോഗം വിളിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>പ്രത്യേക സാമ്പത്തിക മേഖല</u>

8126

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പ്രത്യേക സാമ്പത്തിക മേഖലകളാണ് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഗയിലിന്റെ വാതക പൈപ്പ്ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം</u>

8127 ശ്രീ. ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസന്റ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗയിലിന്റെ വാതക പൈപ്പ്ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഭൂവുടമകൾക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നഷ്ടപരിഹാരം സംബന്ധിച്ചുള്ള കാര്യങ്ങൾ ആരാണ് തീരുമാനിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>സിഡ്കോ വിതരണം ചെയ്ത ഡയറി സംബന്ധിച്ച</u>
<u>വിശദാംശങ്ങൾ</u>

8128 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സിഡ്കോ അച്ചടിച്ചു വിതരണം ചെയ്ത ഈ വർഷത്തെ ഡയറിയുടെ വിതരണ പട്ടിക, ആർക്കൊക്കെ, എത്ര വീതം, എന്നൊക്കെ വിതരണം ചെയ്തു, ആകെ എത്ര എണ്ണം അച്ചടിച്ചു, എന്നുള്ളവയുൾപ്പടെയുള്ള എല്ലാ വിശദാംശങ്ങളും സഹിതം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഡയറി അച്ചടിച്ചത് ഏതു സ്ഥാപനത്തിലാണ്; ആയതു സംബന്ധിച്ചുള്ള ടെൻഡർ, ക്വട്ടേഷൻ എന്നിവ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ; പ്രസ്തുത ഡയറി പ്രസിദ്ധീകരിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കരിങ്കൽ മാഫിയകൾ നടത്തുന്ന അനധികൃത ക്വാറികൾ</u>

8129 ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലസ്ഥാനത്തും കോട്ടയത്തും ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ കരിങ്കൽ മാഫിയകൾ അനധികൃതമായി നടത്തുന്ന ക്വാറികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ക്വാറികൾ സംസ്ഥാന ഖജനാവിന് ഭീമമായ നഷ്ടമാണ് വരുത്തുന്നത് എന്നത് അറിയാമോ;

(സി) കരാറുകാരും കോടതി വിധികളും ലംഘിച്ച് നടത്തുന്ന കരിങ്കൽ ക്വാറികൾ സാമൂഹികവും പാരിസ്ഥിതികവുമായി വരുത്തുന്ന ആഘാതങ്ങളെ സംബന്ധിച്ച് പരിശോധിക്കുമോ;

(ഡി) അടിയന്തിരമായി ഈ ക്വാറികൾ നിർത്തലാക്കി ജനങ്ങളെയും പരിസ്ഥിതിയെയും സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

കാര്‍ഷിക മേഖലയ്ക്കും ഭക്ഷ്യ സംസ്കരണ വ്യവസായങ്ങള്‍ക്കും നല്‍കുന്ന സഹായങ്ങള്‍

8130 ശ്രീ. പി. കെ. ബഷീര്‍
,, സി. മോയിന്‍ കുട്ടി
,, എന്‍. ഷംസുദ്ദീന്‍
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കാര്‍ഷിക മേഖലയുടെ വളര്‍ച്ച ലക്ഷ്യമിട്ട് വ്യവസായ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) ഇതോടനുബന്ധിച്ച് ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങള്‍ക്ക് നല്‍കുന്ന പ്രത്യേക സഹായങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സ്ത്രീ സംരംഭകര്‍ക്ക് ഈ മേഖലയില്‍ പ്രോത്സാഹനം നല്‍കുന്നതിനായി എന്തെങ്കിലും പ്രത്യേക പരിപാടികള്‍ നടപ്പാക്കുന്നുണ്ടോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കശുവണ്ടി മേഖലയുടെ ബ്രാന്‍ഡ് രൂപപ്പെടുത്താനുള്ള പദ്ധതി</u>

8131 ശ്രീ. ആര്‍. സെല്‍വരാജ്
'' എം.പി. വിന്‍സെന്റ്
'' വി.റ്റി. ബല്‍റാം
'' ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കശുവണ്ടി മേഖല ആധുനികവല്‍ക്കരിക്കാനും ബ്രാന്‍ഡ് രൂപ പ്പെടുത്താനുമുള്ള പദ്ധതിക്ക് അനുമതി നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തു തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കേന്ദ്രനയം കാരണം വര്‍ദ്ധിച്ച ഇന്ധന വിലയും പൊതുജനങ്ങളുടെ ജീവിതനിലവാരവും</u>

8132

ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാരിന്റെ നയങ്ങളുടെ ഭാഗമായി പെട്രോളിയം വില ക്രമാതീതമായി വര്‍ദ്ധിക്കുന്നതും ഇത് പൊതുജനങ്ങളുടെ നിത്യനിദാന ചെലവുകളുടെ വര്‍ദ്ധനവിനും സാധാരണ ജനങ്ങളുടെ വരുമാന ചോര്‍ച്ചയ്ക്കും കാരണമാവുന്നതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിച്ച് ജനങ്ങളുടെ വരുമാനം വര്‍ദ്ധിപ്പിക്കാനും കൂടുതല്‍ തൊഴിലവസരം സൃഷ്ടിക്കാനും പൊതുമേഖലയിലുള്ള വ്യവസായങ്ങളില്‍ ഈ സര്‍ക്കാര്‍ എത്ര തുക നിക്ഷേപിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവഴി പുതുതായി എത്ര തൊഴിലവസരങ്ങള്‍ സൃഷ്ടിച്ചുവെന്നും മുന്‍സര്‍ക്കാരിന്റെ കാലയളവില്‍ നിന്ന് എത്ര ശതമാനം അധിക വളര്‍ച്ച ഉണ്ടായിയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇലക്ട്രോണിക് സംഭരണ സംവിധാനം

8133 ശ്രീ. എം.എ. വാഹീദ്
,, കെ. മുരളീധരൻ
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇലക്ട്രോണിക് സംഭരണ സംവിധാനം (ഇ-പ്രൊക്യൂർമെന്റ്) ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ ഈ സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>സഹകരണ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ</u>

8134 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിലെ അംഗീകൃത ജീവനക്കാർക്ക് ഏകീകൃത സ്റ്റാഫ് പാറ്റേൺ, ശമ്പള സ്കെയിൽ, സ്റ്റാഫ് റൂൾ എന്നിവ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

8135 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന ലഭ്യമാകുന്ന വ്യക്തിഗത ആനുകൂല്യങ്ങളും അവയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ</u>

T 8136

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

(ബി) ഇക്കാര്യത്തിനായി കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; നാളിതുവരെയായി എത്ര തുക ലഭിച്ചു;

(സി) ഈ വർഷം പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര കശുമാവ് തൈകൾ വിതരണം ചെയ്തുവെന്നറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് കശുമാവ് കർഷകന് നല്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ്

8137 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് കൊച്ചിയിൽ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിലൂടെ കേരളത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമായിരുന്നു; എത്ര കോടി രൂപയുടെ പദ്ധതികളായിരുന്നു നടപ്പാക്കിയത്; വിശദവിവരങ്ങൾ നൽകുമോ;

(ബി) ജിം സംഘടിപ്പിക്കാൻ സർക്കാരിന് എത്ര തുക ചെലവായിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>പരുമല സ്ട്രോ ബോർഡ് ഫാക്ടറി</u>

8138 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ പരുമല സ്ട്രോ ബോർഡ് ഫാക്ടറിയോടനുബന്ധിച്ച് ആശുപത്രിഉപകരണങ്ങൾ നിർമ്മിക്കുന്ന പദ്ധതി സിഡ്കോ ഇപ്പോഴും നടത്തുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ ഒരു ഹജ്ജ് ഫെസിലിറ്റേഷൻ സെന്റർ</u>

8139 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിന്ന് ഹജ്ജ് തീർത്ഥാടനത്തിന് അപേക്ഷകൾ ഏറെയുണ്ടെങ്കിലും, ഒരു ഹജ്ജ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹജ്ജിന്റെ പ്രാരംഭ പ്രവർത്തനം ആരംഭിക്കുന്ന സമയത്തെങ്കിലും കാസറഗോഡ് മണ്ഡലത്തിൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

**മംഗലപുരം ലൈഫ് സയൻസ് പാർക്ക്**
**ഭൂമി ഏറ്റെടുക്കാൻ നടപടി**

8140 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മംഗലപുരത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ലൈഫ് സയൻസ് പാർക്കിനു വേണ്ടി ഇതു വരെ എത്ര ഏക്കർ ഭൂമി എറ്റെടുത്തു ;

(ബി) നോട്ടിഫൈ ചെയ്ത ഭൂമി വിട്ടു നൽകാൻ തയ്യാറായിട്ടും ഏറ്റെടുക്കാൻ തയ്യാറാകാത്തതു മൂലമുണ്ടാകുന്ന ഭൂഉടമകളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തിരമായി പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കൈത്തറി മേഖലയുടെ പരിപോഷണം</u>

8141 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിത വിപണി ഉണ്ടായിട്ടും ശോഷിച്ചുകൊണ്ടിരിക്കുന്ന കൈത്തറി മേഖലയെ പരിപോഷിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

കൈത്തറി ഉല്പന്നങ്ങളുടെ വെബ്സൈറ്റ്

8142 ശ്രീ. പാലോട് രവി
,, പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി ഉല്പന്നങ്ങളെക്കുറിച്ച് ലോകമെമ്പാടുമുള്ള ജനങ്ങളിൽ അവബോധമുണ്ടാക്കാനും വില്പന സാദ്ധ്യത ഉപയോഗപ്പെടുത്താനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഇതിനു വേണ്ടി കൈത്തറി ഉല്പന്നങ്ങളുടെ വെബ്സൈറ്റ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഈ വെബ്സൈറ്റിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ചടയമംഗലം ടെക്സ്റ്റൈൽ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്</u>

8143 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ ചിതറ ഗ്രാമ പഞ്ചായത്തിലെ പഞ്ചായത്തു വക 10 ഏക്കർ ഭൂമിയിൽ ഒരു ടെക്സ്റ്റൈൽ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം തീരുമാനിക്കുമോ;

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം മുഖേന അനുവദിച്ച എസ്.എസ്.ഐ രജിസ്ട്രേഷൻ

8144 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തൃശൂർ ജില്ലാ വ്യവസായ കേന്ദ്രം മുഖേന അനുവദിച്ച് നൽകിയ എസ്.എസ്.ഐ രജിസ്ട്രേഷനുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ എത്ര യൂണിറ്റുകൾ പ്രവർത്തനക്ഷമമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ആലപ്പുഴയിലെ ചെറുകിട വ്യവസായ യൂണിറ്റുകൾ</u>

8145

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ ആരംഭിച്ച ചെറുകിട വ്യവസായ യൂണിറ്റുകൾ എത്രയാണെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ അടച്ചുപൂട്ടപ്പെട്ട ചെറുകിട വ്യവസായ സംരംഭങ്ങൾ ഏതെല്ലാമാണെന്നും, അവ അടച്ചുപൂട്ടാനുണ്ടായ കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) ജില്ലയിൽ അടച്ചുപൂട്ടപ്പെടുമായിരുന്ന ഏതെങ്കിലും ചെറുകിട സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ;

(ഡി) ഇരുമ്പ്, ഉരുക്ക് നിർമ്മാണഘടകങ്ങളായി ഉപയോഗിച്ചിരുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളും തൊഴിൽശാലകളും ചേർത്തല താലൂക്കിൽ ഈ സർക്കാരിന്റെ കാലയളവിൽ അടച്ചുപൂട്ടിയിട്ടുണ്ടോ; ഇവ നിലനിർത്താനും ഇവിടങ്ങളിലെ തൊഴിലാളികളെ സംരക്ഷിക്കാനും കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

നാട്ടിക നിയോജക മണ്ഡലത്തിലെ പാചക വാതക പൈപ്പ് ലൈൻ

T 8146 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ പാചക വാതക പൈപ്പ് ലൈൻ, നാട്ടിക നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലൂടെയാണ് കടന്നുപോകുന്നത് ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിലെ ജനവാസ മേഖലകളിലൂടെയും കോൾ പാടങ്ങളിലൂടെയുമാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) പാചകവാതക പൈപ്പ് ലൈനിന്റെ സുരക്ഷ സംബന്ധിച്ചും ഇതുമൂലം ദുരിതമനുഭവിക്കുന്നവർക്ക് ലഭിക്കുന്ന നഷ്ടപരിഹാര പാക്കേജിനെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുവാൻ നടപടി

8147 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായ സാധ്യതാ പ്രദേശങ്ങളെ കണ്ടെത്തുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ ഇതു സംബന്ധിച്ച് സമഗ്ര വിവരശേഖരണം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജില്ലയിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ വ്യവസായ സംരംഭങ്ങൾക്കായുള്ള സ്ഥലങ്ങൾ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സ്ഥലങ്ങൾ കണ്ടെത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) 2011-12 വർഷത്തിൽ എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ ജില്ലയിൽ ആരംഭിച്ചുവെന്നും അതുമൂലം എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായി എന്നും വെളിപ്പെടുത്താമോ;

(എഫ്) ചെറുകിട വ്യവസായ സംരംഭങ്ങൾ ഊർജ്ജിതമാക്കാൻ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ജില്ലയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>വ്യവസായ പാർക്ക്</u>

8148 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ഡലം തോറും വ്യവസായ പാർക്ക് എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ എത് ഘട്ടത്തിലാണ്;

(ബി) ഉടുമ്പൻചോല മണ്ഡലത്തിൽ നിന്നും വ്യവസായ പാർക്കിനായി തെരഞ്ഞെടുത്ത പഞ്ചായത്ത് ഏതാണ്; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചു?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ</u>

8149 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ വ്യവസായവകുപ്പിന് കീഴിൽ എത്ര മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ട്;

(ബി) ഇവയിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയ്ക്ക് എത്ര ഏക്കർ ഭൂമി സജ്ജമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്ത വഖഫുകളും വിദ്യാഭ്യാസ സ്കോളർഷിപ്പുകളും

8150 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഖഫ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത എത്ര വഖഫുകൾ തിരുവനന്തപുരം ജില്ലയിൽ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വഖഫുകളുടെ ഉടമസ്ഥതയിൽ ആരോഗ്യ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ സ്ഥാപനങ്ങളുടെ പേരും ബന്ധപ്പെട്ട വഖഫുകളുടെ പേരും വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനങ്ങളിലെ ജോലിയിൽ നിയമിക്കുന്നതിന് എന്തെല്ലാമാണ് മാനദണ്ഡങ്ങൾ എന്ന് പറയാമോ;

(ഡി) വഖഫ് ബോർഡ് വഴി ഇപ്പോൾ നടപ്പാക്കുന്ന സാമൂഹ്യ ക്ഷേമ പദ്ധതികളും അവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരാമർശിക്കുന്ന ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ;

(ഇ) വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ബോർഡു വഴി നൽകുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം</u>

8151 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നതിന് 2011 ജൂലൈയിൽ കേരള പ്രൊഡക്ടിവിറ്റി കൗൺസിൽ പരീക്ഷ നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് തന്നെ നിയമനം നടത്തണമെന്നുള്ള കോടതിയുടെ ഡബ്ല്യു. പി. സി. നം:1699/2012 ഓർഡർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോടതി ഉത്തരവ് നിലനിൽക്കെ മേൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിന് പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നതിനെ തുടർന്ന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>സാറ്റലൈറ്റ് ഐ.റ്റി. പാർക്ക്</u>

8152 ശ്രീ. എം.എ. വാഹീദ്
,, പാലോട് രവി
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാറ്റലൈറ്റ് ഐ.റ്റി. പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എല്ലാ നിയോജകമണ്ഡലങ്ങളിലും ഇത്തരം പാർക്കുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങളും തൊഴിലവസരങ്ങളും</u>

8153 ശ്രീ. വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ വഴി എന്തെല്ലാം തൊഴിലവസരങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അക്ഷയ കേന്ദ്രങ്ങൾ വഴി ഭാവിയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്നാണ് കരുതുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഇലക്ട്രോണിക് ഗവേർണൻസ് പദ്ധതിയിലൂടെ സർക്കാർ ഉദ്യോഗസ്ഥരുടെ സേവനം മികവുറ്റതാക്കാൻ നടപടി</u>

8154 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുത്ത സർക്കാർ ഉദ്യോഗസ്ഥർക്ക് പി. ജി. ഡിപ്ളോമ ഇൻ-ഇ-ഗവേർണൻസ് എന്ന ഒരു വർഷ കോഴ്സ് സർക്കാർ ചെലവിൽ പഠിപ്പിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഇതുവരെയായി എത്ര സർക്കാർ ഉദ്യോഗസ്ഥർ ഈ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്; അവരുടെ പേരും വകുപ്പും നിലവിലുള്ള ഓഫീസും ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ ഇ-ഗവേർണൻസ് പ്രൊജക്ടുകളിലാണ് ഈ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ ഉദ്യോഗസ്ഥരെ ഇ-ഗവേർണൻസ് പ്രോജക്ടുകളിൽ ഉൾപ്പെടുത്തണമെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഈ കോഴ്സിന് നിലവിൽ എന്തു തുക ചെലവായി;

(ഇ) ഈ കോഴ്സ് കഴിഞ്ഞ ഉദ്യോഗസ്ഥരുടെ സേവനം സർക്കാരിന്റെ ഇ-ഗവേർണൻസ് പ്രോജക്ടുകളിൽ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂലൈ 15.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.